പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5952** **19.11.2019-ൽ മറുപടിക്ക്**

**ഫിലമെന്റ് ബൾബുകൾ മാറ്റി എൽ.ഇ.ഡി ബൾബുകൾ നൽകുന്നതിനുള്ള പദ്ധതി**

| ചോദ്യം<br>ശ്രീ. ഷാഫി പറമ്പിൽ | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) വീടുകളിൽ നിലവിലുള്ള ഫിലമെന്റ് ബൾബുകൾ മാറ്റി എൽ.ഇ.ഡി ബൾബുകൾ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (എ) കേരളാ ഗവൺമെന്റ് ആവിഷ്കരിച്ച ഫിലമെന്റ്-രഹിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കുറഞ്ഞ വിലയിൽ എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ കീഴിൽ കേരളത്തിലെ എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും നിലവിലുള്ള ഫിലമെന്റ് ബൾബുകളും, സി.എഫ്.എൽ ലാമ്പുകൾക്കും പകരം എൽ.ഇ.ഡി ബൾബുകൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഇതിനകം എത്ര പേർ രജിസ്റ്റർ ചെയ്തെന്ന് വെളിപ്പെടുത്താമോ ; | (ബി) പദ്ധതിയിൽ 13.11.2019 വരെ 1323795 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) എൽ.ഇ.ഡി ബൾബിന് ഉപഭോക്താക്കളിൽ നിന്നും എത്ര തുക വീതമാണ് ഈടാക്കുന്നതെന്നറിയിക്കാമോ ; ഒരു കണക്ഷന് എത്ര ബൾബാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ; | (സി) എൽ.ഇ.ഡി ബൾബുകൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ നടന്നു വരുന്നു. കമ്പോളവിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്യുവാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ടെണ്ടർ നടപടികൾ പൂർത്തിയായാൽ മാത്രമേ വില കൃത്യമായി അറിയുകയുള്ളൂ. മത്സരാധിഷ്ഠിത ടെൻഡർ നടപടികളിലൂടെയാണ് എൽ.ഇ.ഡി ബൾബ് വിതരണക്കാരെ തെരെഞ്ഞെടുക്കുന്നത്. ഇതിൽ നിന്നും ലഭിക്കുന്ന വിലയുടെ അടിസ്ഥാനത്തിലായിരിക്കും ഉപഭോക്താക്കൾക്കുള്ള വില നിശ്ചയിക്കുന്നത്. ഒരു ഗാർഹിക ഉപഭോക്താവിന് 20 എൽ. ഇ. ഡി ബൾബുകൾ വരെ നൽകുന്നതിന് ലക്ഷ്യമിടുന്നു. |
| (ഡി) പ്രസ്തുത പദ്ധതിയിൽ ഇതിനകം രജിസ്റ്റർ ചെയ്യാത്ത ഉപഭോക്താക്കൾക്ക് ഇനിയും രജിസ്റ്റർ ചെയ്യുവാനുള്ള അവസരം നൽകുമോയെന്ന് വെളിപ്പെടുത്താമോ ? | (ഡി) പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസരം കെ.എസ്.ഇ.ബി.എൽ.-ന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ